**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 626** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സി .ആർ .ഇസഡ്- ൽ വരുന്ന അപേക്ഷകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ്

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** വിവിധ ആവശ്യങ്ങൾക്കായി സി.ആർ.ഇസഡ്-ൽ വരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

**<u>മറുപടി:</u>** കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 2026 മാർച്ചിൽ അവസാനിച്ചു. സമിതി പുനർരൂപീകരിച്ചിട്ടില്ലാത്തതിനാൽ സി.ആർ.ഇസഡ് -ൽ വരുന്ന അപേക്ഷകൾ പരിഗണിക്കാനായിട്ടില്ല. പ്രസ്തുത അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. കേന്ദ്ര സർക്കാർ ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അപേക്ഷകൾ പരിഗണിക്കുവാൻ സാധിക്കുന്നതാണ്.

**(ബി)** സി.ആർ.ഇസഡ് സംബന്ധിച്ച ഫയൽ തീർപ്പാക്കൽ പ്രക്രിയ ലളിതമാക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ താനൂർ നഗരസഭ,നിറമരുതൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2020 ജനുവരി മുതൽ 2026 ഒക്ടോബർ 1 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ പരിഹരിച്ചതും പരിഹരിക്കാത്തതുമായ അപേക്ഷകൾ ഏതെല്ലാമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** അതോറിറ്റിയുടെ പരിഗണനയിൽ വരുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ (Supporting Staff) അനുവദിച്ചിട്ടുണ്ട്. അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

01.01.2020 മുതൽ 01.10.2026 വരെ താനൂർ മുനിസിപ്പാലിറ്റിയിൽ ലഭിച്ച ആകെ 161 അപേക്ഷകളിൽ 49 എണ്ണത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. 112 എണ്ണം അധികവിവരങ്ങൾ ലഭ്യമാക്കാനുള്ളതാണ്.

01.01.2020 മുതൽ 01.10.2026 വരെ നിറമരുതൂർ ഗ്രാമ പഞ്ചായത്തിൽ ലഭിച്ച ആകെ 40 അപേക്ഷകളിൽ 14 എണ്ണം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. 26 എണ്ണം അധിക വിവരങ്ങൾ ലഭ്യമാക്കാനുള്ളതാണ്.

**സെക്ഷൻ ഓഫീസർ**